# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 586 28.03.2018-ൽ മറുപടിയ്ക്ക്

**നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി. ജയരാജൻ<br>ശ്രീ. വി.അബ്ദുറഹിമാൻ<br>ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ.ആർ.രാജേഷ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലോക കേരള സഭയുടെ സമ്മേളനത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ പശ്ചാത്തലത്തിൽ നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്, ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി നോർക്ക റൂട്ട്സിനെ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിദേശ മലയാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രൊഫഷണലുകളെ നിയമിക്കാനും നോർക്ക വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്ന പ്രധാന ഏജൻസി എന്ന നിലയിൽ നോർക്ക റൂട്ട്സിന് ഉന്നത നിലവാരത്തിലുള്ള വെബ്സൈറ്റ് ഏർപ്പെടുത്തുവാനും സേവനങ്ങൾ ഓൺലൈൻ വഴി വേഗത്തിൽ ലഭ്യമാക്കുന്നതിന് വിവരസാങ്കേതിക സംവിധാനം ശക്തിപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. പ്രവാസികൾക്ക് വേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്റർ വിപുലീകരിക്കും. കൂടാതെ നോർക്ക റൂട്ട്സിന്റെ ഓർഗനൈസേഷൻ സ്ട്രക്ചർ കൂടുതൽ വിപുലപ്പെടുത്തി വിവിധ വിഷയങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ആഴത്തിൽ പഠിച്ച് തുടർ നടപടി സ്വീകരിക്കാൻ ഉതകുന്ന രീതിയിൽ പൂർണ്ണമായും നവീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) നോർക്ക റൂട്ട്സിന്റെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് സോഫ്റ്റ് വെയറുകൾ നവീകരിക്കുന്നതിനും, ഓൺലൈൻ രജിസ്ട്രേഷൻ, ഡാറ്റാബേസ് രൂപീകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിലും ഇന്ത്യക്ക് പുറത്തും ജോലി ചെയ്യുന്ന മലയാളികളെ സംബന്ധിച്ച് ഇപ്പോൾ വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഈ ന്യൂനത പരിഹരിക്കുന്നതിന് പ്രവാസി ഡാറ്റാബേസ് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് പൂർത്തിയാവുന്നതോടെ വ്യക്തമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാവും. കൂടാതെ നോർക്ക-റൂട്ട്സിന്റെ വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട് സോഫ്റ്റ്വെയറുകൾ നവീകരിക്കുന്നതിനും ഓൺലൈൻ രജിസ്ട്രേഷൻ, ഡാറ്റാബേസ് രൂപീകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനും പ്രധാനമായും ജനങ്ങൾക്ക് സേവനങ്ങൾ വളരെ വേഗത്തിലും കാര്യക്ഷമമായും ലഭ്യമാകുന്നതിനുമായി നോർക്ക-റൂട്ട്സിന്റെ വെബ്സൈറ്റ് സമഗ്രമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രൊഫഷണലുകളെ ഉൾപ്പെടുത്തി നോർക്ക റൂട്ട്സ് പുനസംഘടിപ്പിക്കാമോ ; | സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| ഡി) | വിദേശ തൊഴിൽ കമ്പോളത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് കേരളത്തിലെ യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിനായി നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൈപുണ്യ വികസന പദ്ധതി ആവിഷ്കരിക്കാമോ ; | ഡി) | വിദേശത്ത് തൊഴിൽ തേടിപോകുന്നവർക്ക് തൊഴിൽ പരമായ കഴിവുകൾ മെച്ചപ്പെടുത്തി മികവ് പുലർത്തുന്നതിനായി നോർക്ക റൂട്ട്സ് തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി നടത്തി വരുന്നുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യത ഉള്ളവർക്ക് വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യ പകർന്നുകൊടുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| ഇ) | പ്രവാസത്തിന്റെ പുതിയ സാധ്യതാമേഖലകൾ കണ്ടെത്തുന്നതിനും പുതിയ മേഖലകളിലെ സാധ്യതയ്ക്കനുസൃതമായി നൈപുണ്യ നവീകരണ പദ്ധതി രൂപകൽപന ചെയ്യാനും സർക്കാർ പരിഗണനയിലിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | ഇ) | വിവിധ രാജ്യങ്ങളുടെ, പ്രത്യേകിച്ച് ഗൾഫ് നാടുകളിൽ തൊഴിൽ അവസരം ലഭ്യമായ മേഖലകൾക്ക് മാറ്റം വരുന്നുണ്ട്. ആയതിനാൽ തൊഴിൽ സാധ്യതയെക്കുറിച്ച് അവഗാഹമുള്ള വിദഗ്ദ്ധരെ ഉപയോഗിച്ച് ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതും കമ്മിറ്റിയുടെ ശുപാർശക്കനുസൃതമായി നൈപുണ്യ വികസനം നൽകാവുന്നതാണ്. കൂടാതെ ലോക കേരള സഭയുടെ ചർച്ചകളുടെ ഭാഗമായി ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള പ്രവാസി വാണിജ്യ ചേംബറുകൾ, പ്രവാസി പ്രൊഫഷണൽ സമിതികൾ എന്നിവയുടെ സേവനം സാങ്കേതിക മേഖല തിരിച്ചറിയുന്നതിനായി ഉപയോഗിക്കാവുന്നതാണ്. |
| എഫ്) | ഏതെല്ലാം സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നല്കുന്നതിനാണ് നടപടി സ്വീകരിച്ചിരിക്കുന്നത് ; | എഫ്) | സർക്കാർ ഐ.റ്റി.ഐ., പോളിടെക്നിക്ക്, എൽ.ബി.എസ്, എന്നീ വിഭാഗങ്ങളിലെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങൾ വഴി 35 തൊഴിൽ മേഖലകളിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ITI Diploma യോഗ്യതയുള്ള വിദ്യാർത്ഥികൾക്കായി 25,000/- രൂപ ഫീസ് വരുന്ന Integrated QA/QC Programme എന്ന കോഴ്സ് കുസാറ്റിന്റെ കീഴിൽ united NAT Training and Inspection Centre, Kochi എന്ന ട്രെയിനിംഗ് പാർട്നർ മുഖാന്തിരം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് |
| ജി) | നൈപുണ്യ വികസനം സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നോർക്ക വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ? | ജി) | നിയോഗിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ